14.01.22

DESPATCHED
On. 01/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1870*(7)/2014*/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **11285**/എസ്.ഐ.സി–ജി 6/2014)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എം.കെ.ചന്ദ്രശേഖരൻ,
മൊതയിൽ വീട്,
പി.ഒ. അണ്ണല്ലൂർ,
തൃശ്ശൂർ ജില്ല. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   വില്ലേജ് ഓഫീസർ,
   അണ്ണല്ലൂർ, തൃശ്ശൂർ ജില്ല.

2. അപ്പീൽ അധികാരി&
   തഹസിൽദാർ,
   ചാലക്കുടി, തൃശ്ശൂർ ജില്ല.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02.04.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03.05.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 12.05.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 06.06.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.07.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 19.07.2014 |
| ഹിയറിംഗ് നടന്ന തീയതി | 07.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.കെ.ചന്ദ്രശേഖ

രൻ, 16.07.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 19.07.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1870(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 02.04.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, മുകുന്ദപുരം താലൂക്ക്, അണ്ണല്ലൂർ വില്ലേജിൽ സർവ്വെ നമ്പർ 105/14ൽപ്പെട്ട 0.222 ഹെക്ടർ ഭൂമിക്ക് അണ്ണല്ലൂർ വില്ലേജിൽ മുടിലിക്കുളം പ്രഭാകരൻ മകൻ നാരായണൻ മുതൽ പേർ നികുതി അടച്ചു വന്നിരുന്നതായി നേരിട്ടുള്ള അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞുവെന്നും ആയതിനെ സംബന്ധിച്ച്;

1) മേൽപ്പറഞ്ഞ നാരായണൻ മുതൽപേർക്ക് നികുതി അടയ്ക്കാൻ പരിഗണിച്ച ആധാരത്തിന്റെ ശരിപ്പകർപ്പ് നൽകണമെന്നും

2) ആയതിന് പരിഗണിച്ച കീഴാധാരത്തിന്റെ ശരി പകർപ്പ് നൽകണമെന്നും

3) കുടിക്കിട സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകണമെന്നും

4) എന്നുമുതൽ എന്നുവരെ നികുതി അടച്ചിട്ടുണ്ടെന്നും

5) മേൽപ്പടി കാലാവധിയുടെ പ്രതിവർഷ രസീത് നമ്പരുകൾ നൽകണമെന്നുമാണ്.

ആയതിന് 03.05.2014ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 06.06.2014ന്

നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നൽകിയ മറുപടിയ്ക്കെതിരെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ വാദം കേൾക്കുന്നതിനായി 27.05.2014ന് തീയതി നിശ്ചയിച്ച് ഹർജിക്കാരനും വില്ലേജ് ഓഫീസർക്കും 23.05.2014ന് നോട്ടീസ് അയക്കുകയും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തു. 27.05.2014ന് നിശ്ചയിച്ച വിചാരണയിൽ ടിയാന് ഹാജരാകാൻ സാധിക്കുകയില്ല എന്നു അറിയിച്ചിരുന്നതും അണ്ണല്ലൂർ വില്ലേജ് ഓഫീസറെ വിചാരണ ചെയ്തതിൽ വില്ലേജ് ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുണ്ടെന്ന് നേരിൽ പറഞ്ഞിരുന്നുവെന്നും ടിയാൻ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും വില്ലേജ് ഓഫീസിലും താലൂക്ക് ഓഫീസിലും ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടിയാന്റെ അപ്പീൽ ഹർജി പരിഗണിക്കാൻ നിർവ്വാഹമില്ല എന്നറിയിച്ച് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഹർജിക്കാരൻ സർവ്വെ നമ്പർ 105/4ൽ നികുതി അടച്ചുവരുന്നതിന്റെയും ആയതിന് പോക്കുവരവ് നടത്തിയതിന്റെയും വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ ടിയാന് നൽകിയ മറുപടിയിൽ 105/2ൽ നികുതി അടച്ചതിന്റെ രസീത് കോപ്പികളും മറ്റുമാണ് നൽകിയതെന്നാണ് കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. എന്നാൽ ഒന്നാം എതിർകക്ഷി 01.01.2022ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട സർവ്വേ 105/4ൽപ്പെട്ട രേഖകൾ വില്ലേജ് രേഖകളിൽ (തണ്ടപ്പേർ) 105/2 ആയി രേഖപ്പെടുത്തിയിരുന്നതും പിന്നീട് സ്ഥല പരിശോധനയിൽ 105/4 ആണെന്ന് ബോധ്യപ്പെട്ട് 105/4ൽ നികുതി ഒടുക്കിവരുന്നതുമാണെന്നും ആയതിനാലാണ് സർവ്വെ 105/4ൽപ്പെട്ട രേഖകൾക്കു അന്ന് നിലവിലുള്ള രേഖകളിൽ കണ്ടതുപ്രകാരമാണ് സർവ്വെ 105/2ന്റെ രേഖകൾ അനുവദിച്ചതെന്നുമാണ്. മൊഴിയും അനുബന്ധരേഖകളും 01.01.2022ലെ റിപ്പോർട്ടും പരിശോധിച്ചതിൽ,

പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചുകൊടുക്കണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM